സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെയും വ്യക്തികളുടെയും വിവരം നൽകാൻ കഴിയുകയുള്ളൂ.

(ഡി) ഉണ്ട്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന സ്ഥലത്തിലെ കെട്ടിടങ്ങളുടെ വിലനിർണ്ണയ നടപടികൾ അന്തിമ ഘട്ടത്തിൽ ആണ്. ദേഹണ്ഡങ്ങളുടെ വില നിശ്ചയിക്കുന്നതിന് മഹസർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

രണ്ടാം ഘട്ടം: നഷ്ടപരിഹാരത്തുക നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) കെട്ടിടങ്ങളുടെയും ദേഹണ്ഡങ്ങളുടെയും വില നിശ്ചയിച്ചതിനു ശേഷവും ബന്ധപ്പെട്ട സ്ഥലമുടമകളുടെയും മറ്റ് അവകാശികളുടെയും ആക്ഷേപങ്ങളും പരാതികളും നേരിട്ട് കേട്ട് പരിശോധിച്ച് തീരുമാനിച്ചതിനു ശേഷവും മാത്രമേ ഓരോ വ്യക്തിക്കും കിട്ടുവാൻ അർഹതയുള്ള നഷ്ടപരിഹാരത്തുക എത്രയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. പൊന്നുംവില നടപടികൾ പൂർത്തിയാകുന്ന മുറക്ക് നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

99 (1325) സ്ഥലമുടമകളിൽനിന്നും സ്റ്റേറ്റ്മെന്റ്

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്ഥലമുടമകളിൽനിന്നും വില്ലേജാഫീസുകൾ മുഖാന്തിരം എന്തെങ്കിലും സ്റ്റേറ്റുമെന്റുകൾ വാങ്ങുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെയായി എത്രപേരിൽനിന്നും ഇങ്ങനെ ശേഖരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

100 (1326) സൗജന്യ ഭവന നിർമ്മാണ പദ്ധതികൾക്കുള്ള പണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ വെള്ളപ്പൊക്കംമൂലം ഭവനരഹിതരായി തീർന്ന മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ചു നൽകുന്നതിനായുള്ള സൗജന്യ ഭവന നിർമ്മാണ പദ്ധതിയിൻപ്രകാരം സ്ഥലം വാങ്ങുന്നതിനായി റവന്യൂ വകുപ്പ് ഇതുവരെ പണം കൈമാറാത്തതുമൂലം പദ്ധതി നടപ്പാക്കാൻ കഴിയാതെ നീണ്ടു പോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പണം കൈമാറുന്നതിനുള്ള തടസം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly